**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **15-10-2024 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം ബാങ്കിന്റെ ഗഹാനുകൾ പുതുക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുന്ന ചെറായി, മുനമ്പം പ്രദേശങ്ങളിലെ സാധാരണക്കാരായ ജനവിഭാഗങ്ങളുടെ വസ്തുക്കൾ ഈടായി നൽകിയതിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിച്ച വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ ഗഹാനുകൾ പുതുക്കുവാൻ കുഴുപ്പിള്ളി സബ് രജിസ്ട്രാർ തയ്യാറാകാത്തതിനാൽ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 46/2007 നമ്പർ സർക്കുലർ പ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്ത ഗഹാൻ ഉള്ളപക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്യാതെ വായ്പ പുതുക്കി നൽകുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (ബി) | വായ്പ ബാധ്യത നിലവിലെ ഗഹാൻ പ്രകാരം അധികരിക്കാത്ത പക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്ത് നൽകേണ്ടതില്ല. |
| (സി) | എങ്കിൽ പ്രസ്തുത വായ്പകൾ ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ പുതുക്കുവാൻ അനുവാദം നൽകുമോ എന്ന് അറിയിക്കാമോ; | (സി) | വായ്പ ബാധ്യത നിലവിലെ ഗഹാൻ പ്രകാരം അധികരിക്കാത്ത പക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്ത് നൽകേണ്ടതില്ല. |
| (ഡി) | പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗഹാൻ രജിസ്റ്റർ ചെയ്ത് ലഭ്യമാക്കുന്നതിനോ സർക്കുലർ പ്രകാരം വായ്പ പുതുക്കി ലഭ്യമാക്കുന്നതിനോ ബാങ്ക് നേരിട്ടും എം.എൽ.എ. മുഖാന്തിരവും സമർപ്പിക്കപ്പെട്ട കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഡി) | ശ്രീ. നാസർ മനയിൽ ഫയൽ ചെയ്ത WP(C) 36063/2022 നമ്പർ കേസിലെ 19.01.2023 ലെ ഇടക്കാല ഉത്തരവിൽ, പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് വഖഫ് ഭൂമികൾ ഈട് വച്ച് നൽകിയ വായ്പകളിൽ നിലവിലെ തൽസ്ഥിതി തുടരുവാനും, നിലവിൽ കൈവശമിരിക്കുന്ന ഭൂമിയുടെ പോക്കുവരവ് ചെയ്ത് നൽകുന്നതിനും, കരം അടക്കുന്നതിനും റവന്യൂ അധികാരികളോട് വഖഫിന്റെ അധീനതയിലിരുന്ന ഭൂമി എന്ന നിലയിൽ തടസ്സം നിൽക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വഖഫ് ഭൂമിയുടെ ഈടിൻ മേൽ നൽകുന്ന വായ്പകൾ തിരിച്ചടയ്ക്കാതെ കുടിശ്ശിക ആകുന്ന വേളയിൽ വസ്തു ലേലം ചെയ്ത് ബാങ്കിന് ഈടാക്കി എടുക്കാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യം ഉള്ളതിനാൽ ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ